# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി.4/1344/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 04/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി.4/1344/2023 തീയ്യതി: 04/10/2023

## കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2022 മുതൽ 14-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ദിശ.ആർ. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനൂപ്. കെ വി, സീനിയർ ഗ്രേ. ഓഡിറ്റർ
ശ്രീ. ശ്രീജിത്ത്. കെ വി, സീനിയർ ഗ്രേ. ഓഡിറ്റർ
ശ്രീമതി. അപർണ.ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി സതി കിഴക്കയിൽ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| റഫീഖ് സി കെ | സെക്രട്ടറി | 01-04-2022 | 06-10-2022 |
| അനിൽ കുമാർ ടി | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| മിനി എ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 28-10-2022 |
| ഗോകുൽ ദാസ് ടി എം | അസിസ്റ്റന്റ് സെക്രട്ടറി | 29-10-2022 | 31-03-2023 |
| ഫാസിൽ കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| വിദ്യാ ബാബു എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| സുനിൽ കുമാർ | വെ റ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| അനി സി ടി | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| അരവിന്ദാക്ഷൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| വിജല കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 27-11-2022 |
| രമ്യ കെ ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 28-11-2022 | 31-03-2023 |
| അഞ്ജന എം എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 25-11-2022 |
| ലീന ടി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-11-2022 | 31-03-2023 |
| ജയപ്രകാശ് | സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫ് ഫിഷറീസ് | | |
| അബ്ദുൾ ലത്തീഫ് | വി.ഇ.ഒ. | 01-04-2022 | 04-07-2022 |
| സുനിത പി കെ | വി.ഇ.ഒ. | 04-07-2022 | 09-01-2023 |
| സിജിൻ | വി.ഇ.ഒ. | 09-01-2023 | 31-03-2023 |
| ഉനൈസ് അലി | വി.ഇ.ഒ. | 01-04-2022 | 30-05-2022 |
| ആസിഫ് അഷറഫ് | വി.ഇ.ഒ. | 06-06-2022 | 01-06-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രിക-അപാകത | 1-1-2 |
| 4 | സ്റ്റെയ്ൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-3 |
| 5 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-4 |
| 6 | സമയ ബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | സ്ഥാപനത്തിന്റെ ബാധ്യത ബാലൻഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ബജറ്റ് തയ്യാറാക്കലും പരിപാലനവും - മുൻറിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും അപാകതകൾ ആവർത്തിക്കുന്നു. | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ക്ഷേമ പദ്ധതികൾ | 1-6 |
| 15 | നികുതി വരുമാന സ്രോതസ്സുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല. | 1-7 |
| 16 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല. | 1-8 |
| 17 | മത്സ്യ മേഖലയിലെ പ്രൊജക്ടുകൾ - തുടർ മോണിറ്ററിംഗ് സാധ്യമാക്കേണ്ടതാണ് | 1-9 |
| 18 | ക്ഷേമ പെൻഷനുകൾ-മരണപ്പെട്ട ഗുണഭോക്താക്കളെ സമയബന്ധിതമായി സസ്പെൻഡ് ചെയ്യാൻ സംവിധാനമില്ല | 1-10 |
| 19 | ഫയൽ നടപടികൾ പൂർണ്ണമായും ILGMSൽ - എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് ചെയ്യപ്പെട്ടില്ല | 1-11 |
| 20 | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-12 |
| 21 | ടെയ്ക്ക് എ ബ്രേക്ക് -അവലോകനം | 1-13 |
| 22 | കാലഹരണപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നു. | 1-14 |
| 23 | എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്തി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-15 |
| 24 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-16 |

| | | |
|---|---|---|
| 25 | സ്ട്രീറ്റ് ലൈറ്റ് സ്പെയർ പാർട്സ് പദ്ധതി പൂർത്തിയാക്കിയിട്ടില്ല | 1-17 |
| 26 | സ്ട്രീറ്റ് ലൈറ്റ് പദ്ധതികളുടെ ആധിക്യം | 1-18 |
| 27 | സ്ട്രീറ്റ്മെയിൻ സ്ഥാപിച്ച സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1-19 |
| 28 | പഠനമുറി പ്രവർത്തി പൂർത്തീകരിച്ചില്ല | 1-20 |
| 29 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-21 |
| 30 | വീട് വാസയോഗ്യമാക്കൽ പ്രവർത്തി പൂർത്തീകരിക്കാത്തതുസംബന്ധിച്ച് | 1-22 |
| 31 | അതിദരിദ്രരുടെ മൈക്രോപ്ളാൻ .തുടർവിശദാംശങ്ങളില്ല | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്തി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 10.07.23 തിയ്യതിയിലെ 2/1 തീരുമാന പ്രകാരം തയ്യാറാക്കി 13.07.23 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes On Accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് ).

### 1-1-2 ക്യാഷ് ഫ്ളോ പത്രിക-അപാകത

ക്യാഷ് ഫ്ളോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ളോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 സ്റ്റെയ്ൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയില്ല

കോ-ഓപ്പറേറ്റീവ് ബാങ്ക് പൂക്കാട്(419) അക്കൗണ്ടിലെ വിവിധ തിയതികളിലെ താഴെ കൊടുത്തിരിക്കുന്ന 3 മാസത്തിലധികമായ ചെക്കുകൾ STALE Cheque ഇനത്തിലേക്ക് മാറ്റിയിട്ടില്ല.

| Instrument No. | Instrument Date | Amount |
|---|---|---|
| 100820 | 5.09.22 | 460 |
| 92713 | 31.03.22 | 1000 |
| 93927 | 05.05.22 | 8924 |
| 92716 | 17.04.22 | 500 |
| 93117 | 28.10.21 | 780 |
| 93644 | 24.01.22 | 1000 |
| 95161 | 21.05.22 | 400 |
| 95737 | 27.06.22 | 922 |
| 100124 | 20.07.22 | 396 |
| 100860 | 3.10.22 | 1900 |
| 104410 | 25.10.22 | 1000 |
| 104618 | 16.12.22 | 8715 |

1-1-4 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്യില്ല.

സ്ട്രീറ്റ് മെയിൻ വലിക്കൽ ഡെപ്പോസിറ്റ് വർക്കിന് KSEB -യ്ക്ക് അഡ്വാൻസ് നൽകിയ തുകകൾ (4,40,914+3,99,194/-) , Advance To Implementing Officers എന്ന ഹെഡിൽ പോസ്റ്റ് ചെയ്യുന്നതിന് പകരം Amount Payable To Other Creditors എന്ന ഹെഡിലാണ് പോസ്റ്റ് ചെയ്തത്. ഈ തുക പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന വരെ Advance To Implementing Agencies എന്ന ഹെഡിൽ ഉൾപ്പെടുത്താതെ, തെറ്റായ ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തതിനാൽ ആയത് പഞ്ചായത്തിന്റെ ആസ്തിയായി ബാലൻഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

1-1-5 സമയ ബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings(110100101), Property Tax On Non-Residential Buildings(110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തു നികുതി

ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റ് എൻട്രി വരുത്തുന്നില്ല .

ലഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-6 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കാഷ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന Sale Of Tender Form ഇനത്തിൽ 19,525 രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട് . ഈ തുക പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-1-7 സ്ഥാപനത്തിന്റെ ബാധ്യത ബാലൻഷീറ്റിൽ ഉൾപ്പെടുത്തിയില്ല

29.1.2010 തിയതിയിലെ GO(ms) 322/10/lsgd നമ്പർ ഉത്തരവ് പ്രകാരം 1,48,15,500 രൂപ ഇ എം എസ് ഭവനവായ്പയായി ചേമഞ്ചേരി കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് വായ്പ എടുത്തിട്ടുണ്ട്. 25.10.2016- ൽ ലോൺ തുകയുടെ മുതൽ മുഴുവനായും അടച്ച തീർക്കുകയും പലിശ ഇനത്തിൽ 7,39,262 രൂപ നിൽവിൽ അടച്ച തീർക്കാൻ അവശേഷിക്കുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ (ബാലൻസ് ഷീറ്റിൽ) ഉൾപ്പെടുത്തിയിട്ടില്ല. ഇ.എം.എസ് ഭവനവായ്പയുടെ പലിശ സർക്കാർ അനുവദിച്ചുതരുന്നതുവരെ ടി തുക പഞ്ചായത്തിന്റെ ബാധ്യതയായി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-1-8 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന CFC ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

CFC ഗ്രാന്റ്, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 4 പ്രകാരം 5463460 രൂപയും, B 17- കേരള ഗ്രാമീൺ ബാങ്ക് PFMS CFC-(40161101026397) പ്രകാരം 5763756 രൂപയുമാണ്. ഇവ തമ്മിൽ 300296 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

ACR – ലെ തുക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | ACR പ്രകാരമുള്ള തുക | ധനകാര്യ പത്രികയിലെ I-6 ഷെഡ്യൂൾ പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 3,03,54,246 | 3,03,53,902 | 344 |
| വികസന ഫണ്ട് SCP | 4489351 | 4911311 | 421960 |
| മെയിന്റനൻസ് Non Road | 6361595 | 6320376 | 41219 |

1-2 ബജറ്റ് തയ്യാറാക്കലും പരിപാലനവും - മുൻറിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും അപാകതകൾ ആവർത്തിക്കുന്നു.

സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കുന്നതിലും പരിപാലിക്കുന്നതിലും വിവിധ തലങ്ങളിൽ അപാകതകൾ സംഭവിക്കുന്നതായി 2019-20,20-21 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ

പരാമർശിച്ചിരുന്നു. എന്നാൽ ഓഡിറ്റ് വർഷത്തിലും ഈ അപാകതകളിൽ മിക്കതും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.ബജറ്റ് മാന്വൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്, ബജറ്റ് പ്രൊവിഷനനുസൃതമല്ലാതെ വാർഷിക പദ്ധതി തയ്യാറാക്കുന്നത്, ബജറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾക്കനുസരിച്ച് ബജറ്റ് പുതുക്കാത്തത് എന്നീ അപാകതകൾ ഇരു റിപ്പോർട്ടുകളിലും പ്രതിപാദിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിക്കാത്ത കാര്യത്തിൽ ഇരു റിപ്പോർട്ടുകൾക്കും ലഭ്യമാക്കിയ മറുപടി വസ്തുതാപരമല്ല. തീയതി ചേർക്കാതെ ഇന്നേ തീയതിയിൽ സ്ഥാപനമേധവികളുടെ യോഗം ചേർന്ന് നിശ്ചിത ഫോറത്തിൽ പ്രൊപ്പോസൽ വാങ്ങി എന്നു വ്യക്തമാക്കിയെങ്കിലും തീയതിയില്ലാത്തതും പ്രൊപ്പോസലിന്റെ പകർപ്പ് ഇല്ലാത്തതും ശ്രദ്ധേയമാണ്. കൂടാതെ തനത് വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകളും മറുപടിയ്ക്കൊപ്പം ലഭ്യമാക്കിയിട്ടില്ല. രണ്ടാമത്തെ അപാകതയുടെ കാര്യത്തിൽ 2019-20വർഷത്തെ റിപ്പോർട്ടിന് നല്കിയ മറുപടിയിൽ ഡി പി ഡി മുഴവൻ ബജറ്റ് അലോക്കേഷനുള്ള പ്രൊജക്ടുകളും ആദ്യം അംഗീകരിച്ചിരുന്നില്ലെന്നും സ്പിൽ ഓവർ പ്രൊജക്ടിനുള്ള തുക മാറ്റി വയ്ക്കണമെന്ന സർക്കാർ നിർദ്ദേശമായിരുന്ന ഇതെന്നും എന്നാൽ ബജറ്റിൽ മുഴവൻ തുകയും ഉൾക്കൊള്ളിച്ചതാണ് വ്യതിയാനത്തിന് കാരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതും നിയമപരമായി നിലനില്ക്കുന്നതല്ല. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 പ്രകാരം (സെക്ഷൻ 175 കൂട്ടി വായിക്കുക) ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി അടങ്കലും തുല്യമായിരിക്കേണ്ടതും വ്യതിയാനം വരുമ്പോൾ ഉടനടി ബജറ്റ് പുതുക്കേണ്ടതുമാണ്. 2020-21 വർഷത്തെ റിപ്പോർട്ടിനുള്ള മറുപടി അപാകതയുമായി ബന്ധമില്ലാത്തതാണെന്നും കാണുന്നു. അവസാനത്തെ അപാകതയുടെ കാര്യത്തിൽ ഇരു മറുപടികളിലും തുടർ വർഷങ്ങളിൽ പരിഹരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേല്പറഞ്ഞ അപാകതകൾ ആവർത്തിക്കപ്പെട്ടതിനൊപ്പം പുതിയ അപാകതകൾ സംഭവിച്ചതായി ഓഡിറ്റ് വർഷത്തെ ബജറ്റ് സാക്ഷ്യപ്പെടുത്തുന്നു.ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) മുന്നിരിപ്പ് കണക്കാക്കിയതിൽ അപാകത

2020-21 വർഷത്തെ യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ മേൽ വർഷത്തെ മുന്നിരിപ്പ് കണക്കാക്കിയിരിക്കുന്നതിൽ അപാകത കാണുന്നു. 2019-20വർഷത്തെ ബാലൻസ് ഷീറ്റ് അടിസ്ഥാനപ്പെടുത്തിയാണ് 2020-21 വർഷത്തെ മുന്നിരിപ്പ് കണക്കാക്കുന്നത്. ഈ ബാലൻസ് ഷീറ്റിലെ ബാധ്യതകളായ B2, B4, B7, B9 എന്നിവ പ്രകാരമുള്ള ബാധ്യതകൾ B12, B14, B15, B17 എന്നിവ പ്രകാരമുള്ള ആസ്തിയിൽ നിന്നും കുറവു വരുത്തി കിട്ടുന്ന തുകയാണ് അടുത്ത വർഷത്തെ മുന്നിരിപ്പാകേണ്ടത്. ഇത് താഴെ കൊടുത്ത വിധമാകേണ്ടതാണ്.

| ബാധ്യത | | ആസ്തി | |
|---|---|---|---|
| B2 | 5,85,347 | B12 | 70,54,151 |
| B4 | 90,39,518 | B14 | 12,240 |
| B7 | 11,11,494 | B15 | 27,339 |
| B9 | 20,66,619 | B17 | 1,85,90,719 |
| ആകെ | 1,28,02,978 | ആകെ | 2,56,84,449 |

വ്യത്യാസം-25684449- 12802978 =12881471

2020-21 വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് മേൽ കൊടുത്ത തരത്തിൽ 1,28,81,471/- രൂപയായിരിക്കെ, 3,20,78,442/- രൂപയാണ് ബജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. ഇത് മൂലം ബജറ്റ് പൂർണ്ണമായും വസ്തുതകളിൽ നിന്നും വ്യതിചലിച്ചിട്ടുണ്ടെന്ന് കാണാം.

ബി) വായ്പാ വരവ്, തിരിച്ചടവ്- തുക വകയിരുത്തിയതിൽ അപാകത

വായ്പാ തിരിച്ചടവിനായി തുക വകയിരുത്തിയത് വസ്തുതാപരമായല്ല. 8,00,000/-രൂപയാണ് തിരിച്ചടവിനായി വകയിരുത്തിയതെങ്കിലും ലൈഫ് ഭവനപദ്ധതിയ്ക്കായി ലഭ്യമാക്കിയ വായ്പാ തിരിച്ചടവിനായി 14,77,299/-ഓഡിറ്റ് വർഷം സർക്കാർ ഗ്രാന്റിൽ നിന്നും സ്രോതസ്സിൽ നിന്നു തന്നെ കുറവ് വരുത്തിയിട്ടുണ്ട്. ഇപ്രകാരം വർദ്ധിച്ച തുക കുറവുവരുത്തിയപ്പോൾ അതിനനുസൃതമായി ബജറ്റ് പുതുക്കിയില്ല. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ യാതൊരു പ്രൊവിഷനും നല്കാത്തതിനാൽ 14,77,299/- രൂപ ചെലവഴിച്ചിരിക്കുന്നത് ബജറ്റ് അനുമതിയില്ലാതെയാണ്. ഇത് 14,77,299/- രൂപയുടെ ചെലവ് അനധികൃതമാക്കിയിട്ടുണ്ട്.

ഒരു കോടി രൂപയുടെ വായ്പ ലഭ്യമാക്കാനാണ് ബജറ്റിൽ വിഭാവനം ചെയ്തതെങ്കിലും ആകെ 12,15,200/-രൂപ മാത്രമാണ് വായ്പയായി സ്വീകരിച്ചിരിക്കുന്നത്. ബജറ്റ് പുതുക്കിയപ്പോൾ പ്രൊവിഷൻ 3.2 കോടിയായി ഉയർന്നുവെന്നത് ബജറ്റ് തയ്യാറാക്കിയതിലെ വീഴ്ച വ്യക്തമാക്കുന്നു.

സി) തനത് ഫണ്ട് പ്രൊവിഷൻ വാർഷിക പദ്ധതിയുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റിൽ വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 64.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ അന്തിമപദ്ധതി രേഖ പരിശോധിച്ചതിൽ വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും 50.56 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയതെന്ന് കാണുന്നു. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ ഈ പ്രൊവിഷൻ ഒഴിവാക്കിയെങ്കിലും അന്തിമ ചെലവ് പത്രിക പ്രകാരം വാർഷിക പദ്ധതിക്ക് 1.18 കോടി രൂപ വകയിരുത്തിക്കാണുന്നു.(ഇതിൽ നിന്നും 39.54 ലക്ഷം രൂപ വിനിയോഗിച്ചു). എന്നാൽ ബജറ്റ് പുതുക്കിയപ്പോൾ യാതൊരു തുകയും വാർഷിക പദ്ധതിക്ക് നീക്കിവയ്ക്കാത്തതിനാൽ 39.54 ലക്ഷം രൂപയുടെ ചെലവ് അനധികൃതമാക്കി.

ഡി)പുതുക്കിയ ബജറ്റ് - പ്രൊവിഷനുകൾ ക്രമപ്രകാരമല്ല

ബജറ്റ് പുതുക്കിയത് യാതൊരു ശ്രദ്ധയുമില്ലാതേയും ബജറ്റിംഗ് പ്രക്രിയയുടെ അടിസ്ഥാന തത്വങ്ങൾക്ക് നിരക്കാത്ത തരത്തിലുമാണ്. 23.14 കോടി രൂപ നീക്കിയിരിപ്പായി കാണിച്ചതു തന്നെ ഇതിന് മികച്ച ഉദാഹരണമാണ്. തനത് റവന്യൂ ചെലവിനു പോലും പ്രൊവിഷൻ നല്കിയപ്പോൾ, തുക മൈനസിലേക്ക് പോയിട്ടുണ്ട്. പദ്ധതി ചെലവുകൾക്ക് ലഭിച്ച റവന്യൂ ഗ്രാന്റ് 1 ലക്ഷം രൂപയെന്നാണ് കാണിച്ചിരിക്കുന്നത്. ബജറ്റ് പ്രക്രിയ വളരെ ലാഘവത്തോടെയാണ് സ്ഥാപനം കാണുന്നതെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---:|
| മുന്നിരിപ്പ് | 2,31,97,816 |
| വരവ് | 5,46,14,405 |
| ആകെ | 7,78,12,221 |
| ചെലവ് | 6,10,04,901 |
| നീക്കിയിരിപ്പ് | 1,68,07,320 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 3,18,90,371 | 3,18,90,371 | 3,03,54,246 | 15,36,125 |
| വികസന ഫണ്ട്- എസ്.സി.പി(ACR പ്രകാരം) | | 0 | 46,26,130 | 46,26,130 | 44,89,351 | 1,36,779 |
| വികസന ഫണ്ട്- ടി.എസ്.പി(ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | | 0 | 82,71,300 | 82,71,300 | 27,41,966 | 55,29,334 |
| മെയിന്റനൻസ്, നോൺ റോഡ്(ACR പ്രകാരം) | | 0 | 64,31,000 | 64,31,000 | 63,61,595 | 69,405 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | ബാങ്ക് | 39,67,679 | 76,79,000 | 1,16,46,679 | 78,64,173 | 37,82,506 |
| | ട്രഷറി | 0 | 10,75,342 | 107,5,342 | 6,85,787 | 3,89,555 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | ബാങ്ക് | 99,510 | 53,44,210 | 54,43,720 | 37,62,766 | 16,80,954 |
| | ട്രഷറി | 0 | 0 | 0 | 0 | 0 |

CFC ഗ്രാന്റ് ബാലൻഷീറ്റ് , ബാലൻഷീറ്റ് ഷെഡ്യൂൾ B 4 പ്രകാരം 54,63,460 രൂപയും, B 17- കേരള ഗ്രാമീൺ ബാങ്ക് PFMS CFC- (40161101026397) പ്രകാരം 57,63,756 രൂപയുമാണ്. ഇവ തമ്മിൽ 3,00,296 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും അവ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു.(ഐ.കെ.എം ചെലവ് പത്രിക പ്രകാരം)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 15,48,65,584 | 165 | 7,71,56,950 | 42 | 41 | 59.7% |

ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയ ഐ.കെ.എം ചെലവ് പത്രികയിൽ 206 പ്രോജക്ടുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. മെയിന്റനൻസ് (നോൺ റോഡ്) ഫണ്ടിന്റെ എ.സി.ആർ പ്രകാരം 787385/-രൂപ (ബിൽ നം. 144/30.11.2022) അസിസ്റ്റന്റ് എഞ്ചിനീയർ " Maintanance Fund For Various Anganwadies" എന്ന പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട് എന്നാൽ ഈ പ്രോജക്ടിന്റെ വിശദാംശങ്ങൾ ഐ.കെ.എം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. മേൽ കാണിച്ച പ്രകാരം ഡി.പി.സി അംഗീകാരം ലഭിച്ച , തുക ചെലവഴിച്ചതുൾപ്പെടെയുള്ള പദ്ധതിയുടെ വിവരം ഐകെഎം ചെലവ് പത്രികയിൽ ഉൾക്കൊള്ളിക്കാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 45,02,400 | 390 |
| വിധവാപെൻഷൻ | 1,54,90,800 | 1458 |
| വാർദ്ധക്യകാലപെൻഷൻ | 2,91,56,000 | 3095 |
| വികലാംഗപെൻഷൻ | 43,09,200 | 389 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16,52,200 | 154 |
| വിവാഹ ധനസഹായം | 3,30,000 | 11 |

## 1-7 നികുതി വരുമാന സ്രോതസ്സുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന

നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കു. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ (ട്രഷറി / ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുണ്ട്.
മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി, തൊഴിൽ നികുതി, മറ്റ് നികുതി വരുമാനം എന്നിവയുടെ പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തുകൾ പിരിച്ചെടുക്കേണ്ട പ്രധാന നികുതികൾ

| ഇനങ്ങൾ | കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് |
|---|---|
| വസ്തുനികുതി | 203 |
| തൊഴിൽനികുതി | 204 |
| വിനോദനികുതി | 200 , ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ആക്ട് 196 & റൂൾസ് 1962 |
| സേവനനികുതി | 203 , 2011 ലെ കേ.പ.രാ (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ ചട്ടം 26 |

## <u>വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം</u>

05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023ലെ സ.ഉങ(സാധാ)

77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.. വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണ സമിതിയുടെ 29.04.2023 ലെ 3(1) നമ്പർ തീരുമാന പ്രകാരം വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 21.07.2023 തിയ്യതിയിലെ 4(1) നമ്പർ തീരുമാന പ്രകാരം നിരക്കുകൾ അന്തിമമാക്കി 24.07.2023 തിയ്യതിയിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 ലെ എൽ.എസ്.ജി.ഡി/പി.ഡി/20073/2023-റിവ്2 നമ്പർ കത്ത് പ്രകാരം നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നോട്ടീസും അന്തിമ വിജ്ഞാപനങ്ങളും 2023 ജൂൺ 30നകം പുറപ്പെടുവിക്കേണ്ടതാണെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിലുണ്ടായിട്ടുള്ള കാലതാമസം തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനേയും ബാധിച്ചിട്ടുണ്ട്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തുനികതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തു നികുതി നിരക്കുകളിൽ ഓഡിറ്റ് തിയ്യതി വരെയും വർദ്ധനവ് വരുത്തുകയോ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് 9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകുകയും ചെയ്തിട്ടില്ല.

ഫീൽഡ്തല പരിശോധനകൾ

2019 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ ,ചട്ടം 21 പ്രകാരം, ഒക്യുപൻസി നൽകിയ കെട്ടിടങ്ങൾ, ചട്ടത്തിൽ പറഞ്ഞ ചെറിയ കെട്ടിടങ്ങളുടെ കാര്യത്തിലൊഴികെ , ഒക്യുപൻസി നൽകിയ തീയതി മുതൽ 2വർഷത്തിനകം സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 22 പ്രകാരം 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് ഈ കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതുമാണ്. പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച മൂലം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ യഥാസമയം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

22.03.2023ലെ സ.ഉ (സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം 30.06.2023 തിയ്യതിക്കകം ഫീൽഡ് തല പരിശോധനകൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം പാലിക്കുകയോ ഖണ്ഡിക 12 പ്രകാരം നിശ്ചിതയോഗ്യതയുള്ളവരെ ആയതിലേക്കായി കണ്ടെത്തി നിയോഗിക്കുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ തന്നെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടില്ല.

വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിരക്കുകൾ പുനർനിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചുവെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിലെ നിരക്കുകളിൽ മാറ്റം വരുത്തുകയോ 5% വർദ്ധനവ് ബാധകമാക്കുയോ ചെയ്തിട്ടില്ല. അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷമുള്ള വസ്തു നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചപ്പോൾ 2023-24 പ്രാബല്യത്തിൽ വസ്തുനികുതി നിർണ്ണയിച്ച പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പഴയ നിരക്ക് അടിസ്ഥാനമാക്കിയാണ് നിർണ്ണയിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ്‌വെയർ കാലികമാക്കുന്നതിലുള്ള വീഴ്ച മൂലം പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതിന്റെയും കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ട അധിക ബാധ്യത സ്ഥാപനത്തിനുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

റോഡുകളുടെ വിജ്ഞാപനം മതിയായ പഠനം നടത്താതെ

നിലവിലുള്ള ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് വഴി സൗകര്യം നിശ്ചയിക്കുന്നതിനായി റോഡുകളെ വിജ്ഞാപനം ചെയ്തിട്ടുള്ളത്. എന്നാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കിയിട്ടില്ല . വഴി സൗകര്യപ്രകാരമുള്ള വസ്തു നികുതി വർദ്ധനവിന് റോഡിന്റെ വീതി പ്രധാന ഘടകമായിരിക്കെ ആസ്തി രജിസ്റ്ററിലെ പ്രസ്തുത വിവരങ്ങൾ വസ്തുതാപരമായല്ല രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാ- ആസ്തി രജിസ്റ്റർ പ്രകാരം കണ്ണൻകണ്ടി നവജ്യോതി റോഡിന്റെ കാര്യേജ് വേയുടെ വീതിയായി രേഖപ്പെടുത്തിയത് 4.5 മീറ്ററാണ്. എന്നാൽ റോഡിന്റെ ആകെ വീതിയായി രേഖപ്പെടുത്തിയത് 3 മീറ്റർ മാത്രമാണ്. റോഡ് കണക്ടിവിറ്റി മാപ്പ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2022-23 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ആർക് ട്രാക്ക് എന്ന പദ്ധതി പ്രകാരം റോഡുകളെ സംബന്ധിച്ച വിവരശേഖരണം ഒന്നാം ഘട്ടത്തിൽ തന്നെ നിർവ്വഹിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. റോഡുകളെ സംബന്ധിച്ച കാലികമായ രേഖകൾ സ്ഥാപനത്തിൽ ലഭ്യമായിരിക്കെ തെറ്റായ വിവരങ്ങൾ ഉൾപ്പെടുന്ന ആസ്തി രജിസ്റ്ററിനെ അടിസ്ഥാനമാക്കി റോഡുകൾ വിജ്ഞാപനം ചെയ്തത് മൂലം നികുതി നഷ്ടം സംഭവിക്കാനുള്ള സാധ്യത സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തുന്നു.

വസ്തുനികുതി നിർണ്ണയിലെ അപാകതകൾ

എ) ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ നികുതി ഡിമാന്റ് ചെയ്യുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ്.മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി പരിഗണിച്ച് ചതുരശ്ര മീറ്ററിനു 30 രൂപ എന്ന കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി ഡിമാന്റ് ചെയ്ത കാര്യം 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-8ൽ പരാമർശിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ.അശോകൻ,വൃന്ദാവനം, ചേമഞ്ചേരി.പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ള 8/18, 8/18B, 8/18 C എന്നീ നമ്പറായുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം റസ്റ്റോറന്റ് പ്രവർത്തിപ്പിക്കുന്ന ആവശ്യത്തിലേക്കായി പുതുക്കിപണിത് ഒക്യുപെൻസി മാറ്റുകയും കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. 19.07.2019 തിയ്യതിയിൽ ടി കെട്ടിടങ്ങളിൽ എം.ആർ.ആർ റസ്റ്റോറന്റ് പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 528/2019-20/A-5/4637/19 നമ്പറായി FTE&OS ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. റസ്റ്റോറന്റ് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയ 8/18,8/18B, 8/18 C എന്നീ കെട്ടിടങ്ങളുടെ വിസ്തീർണ്ണം യഥാക്രമം 390.2,137.67,85.4 എന്നിങ്ങനെയാണ്. ഒരേ ഉപയോഗക്രമത്തിനുള്ളതും ഒരു സ്ഥാപനം പ്രവർത്തിക്കുന്നതുമായ കെട്ടിടത്തിനും അനുബന്ധ നിർമ്മിതികൾക്കും വ്യത്യസ്ത നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | കെട്ടിട | വിസ്തീർണ്ണം | ബാധകമാക്കിയ നികുതി നിരക്ക്, |
|---|---|---|---|

| നം | നം | | ആകെ നികുതി |
|---|---|---|---|
| 1 | 8/18 | 390.2 | 50,22437<br>(അടിസ്ഥാന വസ്തുനികുതി<br>= 390.2x50=19510<br>വർദ്ധനവ്=35%<br>ഇളവ്=20%<br>വാർഷിക വസ്തുനികുതി= 22437) |
| 2 | 8/18 B | 137.67 | 50,7572<br>(അടിസ്ഥാന വസ്തുനികുതി<br>= 137.67x50=6883.5<br>വർദ്ധനവ്=20%<br>ഇളവ്=10%<br>വാർഷിക വസ്തുനികുതി= 7572) |
| 3 | 8/18 C | 85.4 | 30,2679<br>(അടിസ്ഥാന വസ്തുനികുതി<br>= 85.4x30=2562<br>വർദ്ധനവ്=20%<br>ഇളവ്=10%<br>വാർഷിക വസ്തുനികുതി= 2679) |

മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയം സംബന്ധിച്ച അപാകത സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തി രണ്ട് വർഷമായിട്ടും നികുതി പുനർനിർണ്ണയിച്ചിട്ടില്ല.

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തുന്നില്ല.

250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള പാർപ്പിടേതര കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകുന്ന സാഹചര്യത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഓരോ മുറിയുടെയും വിസ്തീർണ്ണം 250 ച.മീ താഴെയാണെന്ന കാരണത്താൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമല്ലാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നു. ഉദാ- രണ്ടാം വാർഡിലെ 2/523 എ മുതൽ 2/523 എ1 വരെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല. സേവന നികുതി ചുമത്തുന്നതിന്റെ സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ

ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.പ്രൊഫഷണലുകൾ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ , ഒഡിറ്റോറിയം , എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ഇത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച വിവരവ്യൂഹം തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

<u>നികുതി ഈടാക്കുന്നത് വരുമാനം നിർണ്ണയിക്കാതെ</u>

വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് ഈടാക്കുന്നതിലും ഒരാൾ മാത്രമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കുമ്പോഴും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന നടപടിക്രമങ്ങളിലൂടെയല്ല. തൊഴിൽ നികുതി ചട്ടങ്ങളുടെ അനുബന്ധമായുള്ള ഫോറം 2ൽ റിട്ടേൺ വാങ്ങിയാണ് നികുതി ഈടാക്കേണ്ടിയിരുന്നതെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ഈ നികുതി എപ്രകാരം നിശ്ചയിക്കപ്പെടുന്നു എന്ന് വ്യക്തമല്ല. നികുതി നഷ്ടത്തിലേക്ക് നയിക്കാനുള്ള സാഹചര്യം ഇതുമൂലമുണ്ടായിട്ടുണ്ട്.

തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (വകുപ്പ് 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

4. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ ) ചട്ടം 14എ പ്രകാരം സ്ഥാപനങ്ങളേയും വ്യക്തികളേയും ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു ഓൺലൈൻ സോഫ്റ്റ്വെയർ വിന്യസിക്കുന്ന പക്ഷം ഫീൽഡ് തല ജീവനക്കാരുടെ മനുഷ്യശേഷി ലാഭിക്കാൻ സാധിക്കും. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ, തൊഴിൽ ദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇത് മൂലം ഡിമാന്റിന്റെ പൂർണ്ണത ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ അപാകതകൾക്ക് കാരണമായി. നികുതി വലയം വിപുലമാക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ കമ്മിറ്റി നല്കുകിയിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.

<u>വിനോദനികുതി</u>

ബ്ലൂ ഫ്ലാഗ് പദവിയുള്ളതും വാസ്കോ ഡ ഗാമ കപ്പലിറങ്ങിയ സ്ഥലമെന്ന നിലയിൽ ചരിത്ര പ്രാധാന്യവുമുള്ള സ്ഥലമായ കാപ്പാട് ബീച്ച് ഗ്രാമപഞ്ചായത്ത് പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. പ്രദേശത്ത് റിസോർട്ടുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കാപ്പാട് ഫെസ്റ്റ് പോലുള്ള വിവിധ വിനോദ മേളകളും ഇവിടെ നടത്തപ്പെടാറുണ്ട്. തീരപ്രദേശമായതിനാലും മത്സ്യബന്ധന മേഖലയായതിനാലും പ്രാദേശിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>എഫ്.ടി.ഇ.എ.ഒ.സ് ലൈസൻസ് ഡിമാന്റ് പൂർണ്ണമാക്കിയില്ല.</u>

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ).

മേൽ സ്വഭാവമുള്ള അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ്. അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും നടപ്പ് വർഷത്തിലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഫീൽഡ് തല ചുമതല നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ മനുഷ്യശേഷിയുടെ പരമാവധി ഫീൽഡ് തല ചുമതലകൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതും ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.
- കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) ഫീൽഡ് തല പരിശോധനയിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളെ കേന്ദ്രീകരിച്ചും സ്ഥലം ഉപയോഗപ്പെടുത്തിയും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.
- 1996 ലെ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ , ചട്ടം 14 A യിൽ പരാമർശിക്കുന്ന തരത്തിലുള്ള സോഫ്റ്റ്‌വെയറിന്റെ സാധ്യത പരിശോധിക്കേണ്ടതും മേൽ സോഫ്റ്റ്‌വെയർ മുഖേന പഞ്ചായത്ത് പരിധിയിലെ വ്യാപാര-വ്യവസായ-സംരഭങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

<u>മറ്റ് വരവുകൾ</u>

24.08.2022 ലെ ചേമഞ്ചേരി വില്ലേജ് ഓഫീസറുടെ 103/2022 നമ്പർ കത്ത് പ്രകാരം 286 ഹെക്ടർ കടൽ-പുഴ പുറമ്പോക്ക് ഭൂമി ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ആസ്തികളിന്മേൽ കയ്യേറ്റമുണ്ടായിട്ടുണ്ടോ എന്നോ , ആസ്തിയിൽ വരുമാന സാധ്യതയുള്ള ഫലവൃക്ഷങ്ങളുണ്ടായിട്ടുണ്ടോ എന്നോ പരിശോധിക്കപ്പെട്ടിട്ടില്ല. ആസ്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആസ്തി പ്രയോജനപ്പെടുത്തി വരുമാനം ആർജ്ജിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെ (ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ) ഫലവൃക്ഷങ്ങൾ തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വരുമാന നഷ്ടമുണ്ടാകാനിടയുണ്ട്.

നികുതി നൽകാൻ ബാധ്യസ്ഥരായവരെല്ലാം നികുതി നൽകിയെന്ന് ഉറപ്പ വരുത്തണമെങ്കിൽ

നികുതിദായകരുടെ പൂർണ്ണമായ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉണ്ടായിരിക്കണം. ഈ ലിസ്റ്റ് തുടർച്ചയായി പുതുക്കുകയും വേണം. ആയതിലേക്ക് പിരിവിന് നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം പൂർണ്ണമായി പ്രയോജനപ്പെടുത്തണം.

തൊഴിൽ നികുതി സംബന്ധിച്ച ലിസ്റ്റ് സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ലൈസൻസ്/രജിസ്ട്രേഷൻ/ പെർമിറ്റ് എടുക്കാൻ ബാധ്യസ്ഥരായവർ അവ യഥാസമയം എടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അർപ്പിതമായ ബാധ്യത നിറവേറ്റുന്നതിനും ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ ചോർച്ച ഇല്ലാതിരിക്കുന്നതിനും ഓരോ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുകയും ലിസ്റ്റ് പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുകയും വേണം. ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയ പൊതു മാർക്കറ്റ്, പൊതുകശാപ്പുശാല എന്നിവ ഉപയോഗിക്കുന്നവരിൽ നിന്നും ഫീസ് ഈടാക്കേണ്ടതാണ്.

## 1-8 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല.

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതുമാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-9 മത്സ്യ മേഖലയിലെ പ്രൊജക്ടുകൾ - തുടർ മോണിറ്ററിംഗ് സാധ്യമാക്കേണ്ടതാണ്

മത്സ്യ മേഖലയിൽ ഓഡിറ്റ് വർഷം എട്ടു പ്രൊജക്ടുകൾ വിഭാവനം ചെയ്തതിൽ ആറെണ്ണം നടപ്പിലാക്കിയിട്ടുണ്ട്. ആകെ 30.02ലക്ഷം വകയിരുത്തിയതിൽ 10.03ലക്ഷം രൂപയാണ് വിനിയോഗിക്കാനായത്. നിർവ്വഹിച്ച പ്രൊജക്ടുകളിൽ രണ്ടെണ്ണം മത്സ്യ തൊഴിലാളികൾക്ക് വള്ളം നല്കുന്നതും ഒരെണ്ണം മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് ലാപ് ടോപ് വിതരണം ചെയ്യുന്നതുമായിരുന്നു.മറ്റ് മൂന്ന് പ്രൊജക്ടുകൾ പുരയിട മത്സ്യകൃഷി സാധ്യമാക്കുന്നവയായിരുന്നു.ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 86/23-വീട്ടുവളപ്പിൽ മത്സ്യകൃഷി | 249510 | 10 |
| 2 | 204/23-മുറ്റത്തൊരു മീൻ തോട്ടം | 48000 | 6 |
| 3 | 87/23-വീട്ടുവളപ്പിൽ മത്സ്യകൃഷി- എസ്.സി വനിത | 61312 | 1 |

മൂന്ന് പ്രൊജക്ടുകളിൽ ക്രമ നമ്പർ 1, 3 എന്നിവ പ്രകാരമുള്ളത് രണ്ട് സെന്റിൽ കുളം നിർമ്മിച്ച് മത്സ്യകൃഷി നടത്തുന്നതിനുള്ളതും ക്രമ നമ്പർ 2 പ്രകാരമുള്ളത് അരസെന്റിലുള്ള കുളത്തിൽ മത്സ്യകൃഷിക്കുള്ളതുമാണ്. പ്രൊജക്ടു പ്രകാരമുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് നല്കിയെങ്കിലും ഇവരുടെ പ്രവർത്തനം മോണിറ്റർ ചെയ്യുകയോ ഫലപ്രാപ്തി വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഗുണഭോക്താക്കളിൽ ചിലരെ ഫോണിൽ ബന്ധപ്പെട്ടതിൽ പല കാരണങ്ങളാൽ വിളവ് പ്രതീക്ഷിച്ച

അളവിൽ ലഭിച്ചിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്. കൂടാതെ നിലവിൽ ചിലർ കൃഷി തുടരുന്നില്ലെന്നും വ്യക്തമായിട്ടുണ്ട്. പ്രൊജക്റ്റ് മോണിറ്റർ ചെയ്യപ്പെടാത്തത് വർക്കിംഗ് ഗ്രൂപ്പിന്റെ വീഴ്ചയാണെന്ന് കാണാം. ഫിഷറീസ് വകുപ്പിന്റെ കീഴിൽ നിലവിൽ രണ്ട് ഗ്രാമപഞ്ചായത്തുകൾക്കായി ഒരു അക്വാ കൾച്ചർ പ്രമോട്ടറെ കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനം ഫീൽഡിലുള്ളതിനാൽ മേൽ ഗുണഭോക്താക്കളെ മോണിറ്റർ ചെയ്യേണ്ടതും അവരുടെ പ്രവർത്തനവും ഫലപ്രാപ്തിയും വിലയിരുത്തേണ്ടതുമാണ്. മേൽ ധനസഹായം വഴിയുള്ള മത്സ്യ കൃഷി ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും തുടരണമെന്ന് കരാർ വച്ചിരിക്കയാൽ മോണിറ്ററിംഗ് അനിവാര്യമാണ്. പ്രമോട്ടർമാരെ ഉപയോഗപ്പെടുത്തി തുടർ മോണിറ്ററിംഗ് നടത്തി പ്രൊജക്റ്റിന്റെ ഫലപ്രാപ്തി ഉറപ്പു വരുത്തേണ്ടതും ഇതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-10 ക്ഷേമ പെൻഷനുകൾ-മരണപ്പെട്ട ഗുണഭോക്താക്കളെ സമയബന്ധിതമായി സസ്പെൻഡ് ചെയ്യാൻ സംവിധാനമില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ, അവരെ സമയബന്ധിതമായി പെൻഷൻ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന് സഹായകരമായ തരത്തിൽ ഒരു സംവിധാനം സ്ഥാപനത്തിൽ നിലവിലില്ല. വാർഡ് മെമ്പർമാർ അറിയിക്കുന്ന മുറയക്ക് മരണ വിവരം ഉറപ്പുവരുത്തി അത്തരം ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തു വരുന്നതായി ബന്ധപ്പെട്ട സെക്ഷൻ ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. മരണവിവരം സമയബന്ധിതമായി സ്ഥാപനത്തിൽ ലഭിക്കുന്നതിനും മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെ വിവരം അറിയുന്നതിനും ഈ സംവിധാനം പൂർണ്ണമായും സഹായകരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ ആധികാരികമായി ഒരു റിപ്പോർട്ട് എന്ന തരത്തിൽ ഈ വിവരങ്ങൾ ലഭിക്കുന്നുമില്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള ജനനങ്ങളുടേയും മരണങ്ങളുടേയും വ്യക്തമായ കണക്കും വിവരങ്ങളും ഓരോ പ്രദേശത്തേയും അംഗൻവാടി ടീച്ചർമാർ മാസാമാസം ശേഖരിക്കുകയും ഇക്കാര്യം ഐ സി ഡി എസ് സൂപ്പർവൈസർമാർക്ക് പ്രതിമാസം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പഞ്ചായത്തിന്റെ തന്നെ ഒരു സംവിധാനത്തിന്റെ കൈവശമുള്ള വിവരങ്ങൾ , അത്യാവശ്യമുള്ള മറ്റൊരു സംവിധാനം അറിയാതിരിക്കുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ചയാണ്. മരണവിവരമറിയാതെ മരണപ്പെട്ടവർക്ക് കാലാകാലങ്ങളിൽ പെൻഷൻ വിതരണം ചെയ്യുന്ന സ്ഥിതിവിശേഷം ഇതുമൂലമുണ്ടാകാം. പെൻഷൻ ഇനത്തിൽ വൻ ബാധ്യതയാണ് മാസാമാസം സംസ്ഥാനസർക്കാറിനുള്ളതെന്ന കാര്യം ഇവിടെ പ്രസക്തമാണ്. അംഗൻവാടി ടീച്ചർമാർ മുഖേന ഐ സി ഡി എസ് സൂപ്പർവൈസർ ശേഖരിക്കുന്ന മരണപ്പെട്ടവരുടെ വിവരം, പെൻഷൻ വിവരങ്ങൾ കാലികമാക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള മറ്റ് നടപടികളും സ്വീകരിക്കാവുന്നതാണ്. വിഷയത്തിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മരണപ്പെട്ടവരെ സമയബന്ധിതമായി സസ്പെൻറ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11 ഫയൽ നടപടികൾ പൂർണ്ണമായും ILGMSൽ - എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് ചെയ്യപ്പെട്ടില്ല

സ്ഥാപനത്തിന്റെ ധനപരവും ഭരണപരവുമായ എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റ് വർഷത്തിൽ ILGMS സോഫ്റ്റ് വെയർ വഴിയാണ് നിർവ്വഹിക്കപ്പെട്ടത്. ഓഡിറ്റ് നിർവ്വഹിക്കുന്നതിന് ഈ സോഫ്റ്റ് വെയറിൽ ഓഡിറ്റർക്ക് ലോഗിൻ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇതിൽ സാമ്പത്തിക ഇടപാടുകൾ ഉള്ള ഫയലുകൾ മാത്രമാണ് നിലവിൽ കാണാൻ സാധ്യമാകുന്നത്. ഇതുമൂലം സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത ഭരണപരമായ നടപടികളൊന്നും തന്നെ ഓഡിറ്റിന്റെ ശ്രദ്ധയിൽ വരുന്നില്ല. പരാതികൾ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ, പെൻഷൻ അപേക്ഷകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകൾ ചില ഉദാഹരണങ്ങളാണ്. നിലവിലെ പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും മാന്വലുകളും പ്രകാരം സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഓഡിറ്റിന് വിധേയമാക്കേണ്ടതുള്ളതിനാൽ ഓഡിറ്റർ ലോഗിനിൽ എല്ലാ വിവരങ്ങളും ലഭ്യമാകാത്തത് ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഈ പരിമിതിയിലാണ് ഓഡിറ്റ് നിർവ്വഹിക്കപ്പെട്ടത് എന്നതറിയിക്കുന്നതിനൊപ്പം തന്നെ ലോഗിനിൽ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണെന്നും

അറിയിക്കുന്നു. ഇക്കാര്യത്തിലുള്ള സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

1-12 ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

1) സെക്രട്ടറി നിർവ്വഹണം നടത്തിയ 271/22 കുടിവെള്ള പദ്ധതിക്ക് സ്ഥലംവാങ്ങൽ പ്രോജക്ട് പ്രകാരം, 2022-23 വർഷത്തിൽ ജലജീവൻ മിഷൻ പദ്ധതിക്ക് ടാങ്ക് നിർമ്മാണത്തിനായി പഞ്ചായത്ത് കണ്ടെത്തിയ സ്ഥലം ടാങ്ക് നിർമ്മാണത്തിന് അനുയോജ്യമാണെന്നുള്ള കേരള വാട്ടർ അതോറിറ്റി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും, കൊയിലാണ്ടി തഹസിൽദാരുടെ (LR) വാല്യേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും, റീ.സർവ്വെ നമ്പർ 73/42 ൽ ഉൾപ്പെട്ട 29സെന്റ് സ്ഥലം തനത് ഫണ്ടിൽ നിന്നും 252473/- രൂപയും, വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് 819628/- രൂപയും, സംഭാവന വഴി കണ്ടെത്തിയ 522899/- രൂപയും ഉൾപ്പെടെ ആകെ 1595000/- രൂപ ചെലവഴിച്ച് വാങ്ങി, സെക്രട്ടറിയുടെ പേരിൽ 24.03.2023 ന് ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായുള്ള രേഖകൾ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2) 2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകൾ, ഫർണീച്ചറുകൾ, വാഹനം തുടങ്ങിയ സ്ഥാവര ജംഗമ വസ്തുക്കൾ സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച് കൊണ്ട് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായുള്ള രേഖകൾ/ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം/പേര് | ചെലവഴിച്ച തുക | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|
| 1 | 251/23 ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 42797/- | കമ്പ്യൂട്ടർ |
| 2 | 248/23 ശിശു മന്ദിരത്തിലേക്ക് ഫർണിച്ചർ വാങ്ങൽ | 66160/- | ഫർണിച്ചറുകൾ |
| 3 | 247/23 എഫ്എഫ് ഹാളിലേക്ക് ഫർണീച്ചർ വാങ്ങൽ | 99764/- | ഫർണിച്ചറുകൾ |
| 4 | 162/23 സേവാഗ്രാം സുനാമി ഹാളിലേക്ക് ഫർണീച്ചർ വാങ്ങൽ | 50000/- | ഫർണിച്ചറുകൾ |
| 5 | 161/23 പൈക്ക ബിൽഡിംഗിലേക്ക് ഫർണീച്ചർ വാങ്ങൽ | 23713/- | ഫർണിച്ചറുകൾ |
| 6 | 232/23 മാലിന്യ സംസ്കരണം ഇലക്ട്രിക് വാഹനം വാങ്ങൽ | 497000/- | ഇലക്ട്രിക് വാഹനം |

| | | | |
|---|---|---|---|
| 7 | 107/23 ഓഫീസ് ആവശ്യത്തിനായി വാഹനം വാങ്ങൽ | 929642/- | മഹീന്ദ്ര ബൊലേറോ നിയോ |

2022-23 വർഷത്തിൽ തുക ചെലവഴിച്ച് വാങ്ങിയ മുഴുവൻ സ്ഥാവര ജംഗമ വസ്തുക്കളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 1-13 ടെയ്ക്ക് എ ബ്രേക്ക് -അവലോകനം

ഗ്രാമപഞ്ചായത്തിൽ ഒരു ടെയ്ക്ക് എ ബ്രേക്ക് സംവിധാനം നിർമ്മാണം പൂർത്തീകരിച്ച് ലേലം നടത്തി കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ദേശീയ പാതയിൽ നിർമ്മിക്കപ്പെട്ടതിനാൽ നിലവിൽ പാതയുടെ പണി നടക്കുന്നതുകൊണ്ട് കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം തടസ്സപ്പെട്ടതാണ് പ്രവർത്തനത്തിന് തടസ്സമായതെന്ന് ഓഡിറ്റിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. 2019-20 വർഷത്തിൽ പ്രൊജക്ട് നിർവ്വഹിച്ച് ഒക്ടോബർ മാസത്തിൽ തന്നെ പ്രവർത്തനമാരംഭിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും 2020-21 വർഷത്തിലാണ് ഇതിനുള്ള പ്രൊജക്ട് അംഗീകാരം വാങ്ങിയത് 2023-24 വർഷത്തിലാണ് പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനായി കൈമാറിയിരിക്കുന്നത്. ഇരുനിലകളിലായി 29.37 ലക്ഷം എസ്റ്റിമേറ്റ് കോസ്റ്റിൽ നിർമ്മിക്കപ്പെട്ട കെട്ടിടത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ഓരോ വിശ്രമമുറികൾ, സ്ത്രീകൾക്ക് മൂന്ന് ടോയ്‌ലറ്റ്, പുരുഷന്മാർക്ക് വിശാലമായ ഒരു ടോയ്‌ലറ്റ്, എന്നിവയ്ക്കൊപ്പം കോഫീ ഷോപ്പ്, കാർ പാർക്കിംഗ് സൌകര്യങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. ദേശീയ പാതയിൽ ആവശ്യമായ സൗകര്യങ്ങളോടെ നിർമ്മിക്കപ്പെട്ട സംവിധാനം തികച്ചും അനുയോജ്യമായ സ്ഥലത്തുതന്നെയാണ് സ്ഥിതി ചെയ്യുന്നത്. സംരംഭം കുടുംബശ്രീ സംവിധാനത്തെ ഏല്പിക്കാത്തതും പഞ്ചായത്ത് പരിധിയിൽ ഒന്നുമാത്രം നിർമ്മിക്കപ്പെട്ടതും പോരായ്മയാണ്.

## 1-14 കാലഹരണപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നു.

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും കാണുന്നു. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് അപാകത കാണുന്ന മറ്റ് മേഖലകൾ. വിശദാംശം താഴെ കൊടുക്കുന്നു.

### സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്ന് കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ്

സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്. കൂടാതെ അക്രഡിറ്റഡ് ഏജൻസിയുമായി വച്ച കരാറുകളിൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുമില്ല.

പിഴ സംബന്ധിച്ച അപാകത

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്നു. 2012 ൽ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2% പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് പ്രായോഗികമല്ല.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-15 എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്തി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊന്തോട്ട് കുന്ന് പിലാച്ചേരി റോഡ് (പ്രൊ.നം 268/2023) എന്ന പദ്ധതിയുടെ ആസൂത്രണത്തിൽ അപാകതകളുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിലുള്ള മൺറോഡ് കോൺക്രീറ്റ് റോഡാക്കി മാറ്റുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 110 മീറ്റർ ചെയിനേജിൽ മോർഡ് സ്പെസിഫിക്കേഷനിലെ Earth Work Exacavation (3.5.1) , Compacting (3.15.1) , GSB (4.11.2) , Concrete (75.8.1) എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി

765160 രൂപ അടങ്കലിലാണ് പദ്ധതി തയ്യാറാക്കിയത്. എം ബുക്ക് പ്രകാരം ഒന്നാമത്തെ ഇനമായ Earth Work Exacavation (3.5.1) 81 മീറ്റർ ചെയിനേജിൽ 10 മുതൽ 15 സെന്റിമീറ്റർ വരെ കനത്തിൽ ആകെ 36.521 ഘന മീറ്റർ അളവിൽ നിർവ്വഹിച്ചിട്ടുണ്ട്. രണ്ടാമത്തെ ഇനമായ Compacting (3.15.1) നിർവ്വഹിച്ചിട്ടില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും പ്രതലം നിരപ്പാക്കി ഉറപ്പിക്കുന്നതിനായാണ് എസ്റ്റിമേറ്റിൽ ആദ്യത്തെ രണ്ട് ഇനങ്ങൾ ഉൾപ്പെടുത്തിയത് എന്നത് വ്യക്തമാണ് . രണ്ടാമത്തെ ഇനമായ Compacting Original Ground എന്ന ഇനത്തിൽ 15 സെന്റിമീറ്റർ കനത്തിൽ മണ്ണ് ഇളക്കി നിരപ്പാക്കി ഉറപ്പിക്കുന്ന പ്രവൃത്തിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാതെ പരമാവധി 15 സെന്റിമീറ്റർ കനത്തിൽ മണ്ണ് കുഴിച്ചെടുത്ത് മാറ്റുന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്. രണ്ട് പ്രവൃത്തികളുടെയും ഉദ്ദേശം സമാനമായിരിക്കെ ഉയർന്ന നിരക്കുള്ള ഇനം നിർവ്വഹിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. പട്ടിക കാണുക.

| 3.5.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്, നിരക്ക് | കരാറുകാരന് അനുവദിച്ച തുക | 3.15.1 പ്രകാരമുള്ള നിരക്ക് | 3.15.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന തുക | വ്യത്യാസം |
|---|---|---|---|---|
| 36.521 Cum @360.75+GST | 36.521 X100x1.18 (GST)= 4309 | 14.15 Cum | 36.521 X 14.15 X1.18(GST)=610 | 3699 |

അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ 81 എം.എം. ചെയിനേജിൽ നിന്നും മണ്ണ് ഖനനം ചെയ്ത് 50 മീ. ഉള്ളിൽ ഫിൽ ചെയ്തെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മണ്ണ് ഫില്ല് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിവരിച്ച രീതിയിൽ പ്രവൃത്തി ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

## 1-16 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/പേര് | 160/22-23<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ |
| അടങ്കൽ | 500000/- തനത് ഫണ്ട് |
| ചെലവ് | 499380/- രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ നടത്തുന്നതിനും ആവശ്യമായ സ്ഥലത്ത് ബൾബ് മാറ്റി സ്ഥാപിക്കുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് CREWS സമർപ്പിച്ച നിരക്ക് ഭരണസമിതിയുടെ 29.11.22 ലെ 1/1(C)/22 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും 26.12.22 ൽ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. 14.3.2023 ലെ 1/1//23നമ്പർ ഭരണസമിതി തീരുമാന പ്രകാരം മേൽ സ്ഥാപനം നടത്തിയ പ്രവൃത്തി പൂർത്തിയാക്കിയതായി വിലയിരുത്തുകയും 23.03.2023 ന് തുക നൽകുകയും ചെയ്തു.

പദ്ധതി നിർവ്വഹണത്തിനായി രണ്ട് തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും Kalpathoor Electrical &Plumbing Labour Contractors Society മാത്രമേ രണ്ട് തവണയും ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളൂ എന്നതിനാലും ആദ്യ ടെണ്ടറിനേക്കാൾ കൂടിയ നിരക്കാണ് രണ്ടാമത്തെ ടെണ്ടറിൽ Kalpathoor Electrical &Plumbing Labour Contractors Society രേഖപ്പെടുത്തിയിരുന്നത് എന്നതിനാലുമാണ് , രണ്ടാമത്തെ ടെണ്ടർ നിരക്കിനേക്കാൾ കുറഞ്ഞ തുക ആയതിനാലാണ് ടെണ്ടർ ഇല്ലാതെ പദ്ധതി നിർവ്വഹണം ക്രൂസിനെ ഏൽപ്പിക്കുന്നതെന്നും 14.3.2023 ലെ 1/1//23 നമ്പർ ഭരണസമിതി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്രൂസ് വിതരണം ചെയ്ത സാധനങ്ങൾക്ക് ഒന്നാമത്തെ ടെണ്ടറിൽ

Kalpathoor Electrical &Plumbing Labour Contractors Society രേഖപ്പെടുത്തിയ നിരക്കിനേക്കാൾ അധികം തുക നൽകിയതായി കാണുന്നു. കൂടാതെ രണ്ടാമത്തെ ടെണ്ടർ നിരക്കും ക്രൂസ് സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള നിരക്കും ആദ്യ ടെണ്ടറിൽ Kalpathoor Electrical &Plumbing Labour Contractors Society രേഖപ്പെടുത്തിയതിനേക്കാൾ അധികരിച്ചിട്ടും പ്രസ്തുത സ്ഥാപനവുമായി നെഗോസിയേഷൻ നടത്താതെയാണ് ക്രൂസിനെ പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ക്രൂസ് വിതരണം ചെയ്ത ലൈറ്റുകളുടെയും ആദ്യ ടെണ്ടറിൽ Kalpathoor Electrical &Plumbing Labour Contractors Society രേഖപ്പെടുത്തിയ ടെണ്ടർ തുകകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

A) ക്രൂസ് വിതരണം ചെയ്ത സാധനങ്ങളുടെ നിരക്ക്

| ക്രൂസ് വിതരണം ചെയ്ത സാധനങ്ങൾ | യൂണിറ്റ് നിരക്ക് | GST@18% ഉൾപ്പെടെയുള്ള നിരക്ക് | എണ്ണം | ആകെ തുക | റിമാർക്സ് |
|---|---|---|---|---|---|
| 24 W Manual LED | 1100 | 1298 | 100 | 129800 | Installation Charge= 43500+18%=51300(ആകെ= 448050+51300=499350) |
| 24 W Automatic LED | 1419 | 1675 | 190 | 318250 | |
| ആകെ | | | | 448050 | |

B)ആദ്യ ടെണ്ടറിൽ Kalpathoor Electrical &Plumbing Labour Contractors Society രേഖപ്പെടുത്തിയ നിരക്ക്

| സാധനങ്ങൾ | യൂണിറ്റ് നിരക്ക് | GST@18% ഉൾപ്പെടെയുള്ള നിരക്ക് | എണ്ണം | ആകെ തുക | റിമാർക്സ് |
|---|---|---|---|---|---|
| 24 W LED Set Ordinary (AMC) | 850 | 1003 | 100 | 100300 | Installation Charge രേഖപ്പെടുത്തിയിട്ടില്ല |
| 24 W LED Set Automatic (AMC) | 1000 | 1180 | 190 | 224200 | |
| ആകെ | | | | 324500 | |

ലൈറ്റുകളുടെ വിതരണത്തിൽ ആദ്യ ടെണ്ടറിൽ Kalpathoor Electrical &Plumbing Labour Contractors Society രേഖപ്പെടുത്തിയ നിരക്കിനേക്കാൾ 123550/- രൂപ (448050-324500= 123550/-) അധികം ക്രൂസിന് നൽകേണ്ടി വന്നതായി കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി (നം.6) ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി അധിക തുക ചെലവഴിക്കാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-17 സ്ട്രീറ്റ് ലൈറ്റ് സ്പെയർ പാർട്സ് പദ്ധതി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | 264/22-2<br>സ്ട്രീറ്റ് ലൈറ്റ് സ്പെയർ പാർട്സ് |
| അടങ്കൽ | 1,00,000/- വികസനഫണ്ട്.<br>(പൊതുവിഭാഗം) |
| ചെലവ് | 93,685/- (ബിൽ നം.389/23.03.2023 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വിവിധ വാർഡുകളിൽ പ്രവർത്തിക്കാത്ത ലൈറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ബൾബ് ഹോൾഡർ, അലൂമിനിയം വയർ കോർ എന്നിവ ഉൾപ്പെടുന്ന സ്പെയർ പാർട്ട്സ് വാങ്ങുന്നതാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. സർക്കാർ ഉത്തരവ് നം.1093/17/ത.സ്വ.ഭ.വ തി. 05.04.2017 പ്രകാരം കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റി (CREWS) യിൽ നിന്നും ഇലക്ട്രിക് ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്നതിനാൽ, എസ്.സി2/5353/22 തി. 13.1.2023 പ്രകാരം സപ്ലൈ ഓർഡർ നൽകുകയും, ഇൻവോയ്സ് നമ്പർ KREWS/C38/22-23 തി.08.02.2023 പ്രകാരം CREWS താഴെ പറയുന്ന സാധനങ്ങൾ പഞ്ചായത്തിന് വിതരണം ചെയ്തിട്ടുമുണ്ട്.

| ക്രമനം | സാധനങ്ങൾ | എണ്ണം | തുക |
|---|---|---|---|
| 1 | LED Bulb 25 Watt | 200 | 73848 |
| 2 | Bulb/LED Holder | 100 | 1712 |
| 3 | Insulation Tape | 10 | 96.10 |
| 4 | 2.5 Aluminium Wire Core | 5 | 3737,65 |
| ആകെ | | | 79393 |
| GST@18% | | | 14290 |
| ആകെ മൊത്തം | | | 93683 |

ഭരണസമിതിയുടെ 14.03.2023 ലെ 1(1)/23 നമ്പർ തീരുമാനപ്രകാരം CREWS ന് മേൽ കാണിച്ച വിധം തുക നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് പദ്ധതി നിർവ്വഹണ സമയത്ത് സെക്ഷൻ ചുമതലയുള്ള ഉദ്യോഗസ്ഥനോട് അന്വേഷിച്ചതിൽ പ്രവൃത്തി നാളിതുവരെയായി പൂർത്തിയാക്കിയിട്ടില്ല എന്നാണ് അറിയിച്ചത്. CREWS വിതരണം ചെയ്ത, മേൽ ചേർത്ത പ്രകാരമുള്ള സാധനങ്ങൾ പഞ്ചായത്ത് കെട്ടിടത്തിന്റെ കോണിപ്പടികൾക്കടിയിൽ സൂക്ഷിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്.

2)പദ്ധതി നിർവഹണം നടത്തേണ്ടത് ഏതെല്ലാം വാർഡുകളിലെ എവിടെയെല്ലാമാണെന്നുള്ളതിന്റെ യാതൊരു രൂപരേഖകളും തയ്യാറാക്കാതെയും, ആവശ്യകത പരിശോധിക്കാതെയും, പ്രോജക്ടിൽ വകയിരുത്തിയ തുക ചെലവഴിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.

3) പദ്ധതി പ്രകാരമുള്ള സാധനങ്ങൾ വാങ്ങിയെന്നല്ലാതെ പൊതുജനങ്ങൾക്ക് ഉപകാരപ്പെടും വിധം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല.

08.02.2023 ൽ ലഭിച്ച സാധനങ്ങൾ നാളിതുവരെയായി ഉപയോഗിക്കാത്തതിനും, ആവശ്യകത പരിശോധിക്കാതെ സാധനങ്ങൾ വാങ്ങിയതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.7) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പദ്ധതി പൂർണ്ണമായി നടപ്പിലാക്കി അറിയിക്കേണ്ടതുമാണ്

## 1-18 സ്ട്രീറ്റ് ലൈറ്റ് പദ്ധതികളുടെ ആധിക്യം

2022-23 വർഷത്തിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, റിപ്പയർ ചെയ്യൽ , സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈറ്റുകളുടെ സ്പെയർപാർട്സ് വാങ്ങൽ എന്നിവയ്ക്ക് മാത്രമായി 8 പദ്ധതികൾ രൂപീകരിക്കുകയും അവയിൽ ആറ് പദ്ധതികൾക്കായി തുക ചെലഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം/പേര് | അടങ്കൽ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 249/23 സ്ട്രീറ്റ്മെയിൻ സ്ഥാപിച്ച സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000/- | 0 | 2022-23 സാമ്പത്തിക വർഷത്തിൽ ചെലവില്ല. സ്പിൽഓവർ പ്രോജക്ട് നം. 176/2024 ബിൽ നം.3/8.5.2023 പ്രകാരം 997878/-രൂപ നൽകിയിട്ടുണ്ട് |
| 2 | 30/23 കണ്ണൻകടവ് പരീക്കണ്ടി പറമ്പ് റോഡ് | 4,00,000/- | 3,99,194/- | ഡെപ്പോസിറ്റ് വർക്ക്- KSEB ക്ക് തുക നൽകി. |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ വാർഡ്- 13 | | | |
| 3 | 90/23 സ്ട്രീറ്റ് മെയിൻ വലിക്കൽ (സ്പിൽ ഓവർ) | 5,71,917/- | 4,40,914/- | ഡെപ്പോസിറ്റ് വർക്ക്- KSEB ക്ക് തുക നൽകി. |
| 4 | 160/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | 5,00,000/- | 4,99,380/- | |
| 5 | 264/23 സ്ട്രീറ്റ് ലൈറ്റ് സ്പെയർപാർട്സ് | 1,00,000/- | 93,685/- | |
| 6 | 243/23 LEDലൈറ്റ് സ്ഥാപിക്കൽ തുക നൽകൽ | 6,24,400/- | 6,24375/- | |
| 7 | 250/23 പുതിയ സ്ട്രീറ്റ് മെയിൻ വലിക്കൽ | 10,00,000/- | 0 | |
| 8 | 88/23 സ്ട്രീറ്റ് ലൈറ്റ് (സ്പിൽ ഓവർ) | 5,00,000/- | 0 | |
| ആകെ | | 46,96,317/- | 20,57,548/- | |

പദ്ധതികളുടെ പേരിൽ വ്യത്യാസമുണ്ടെങ്കിലും ക്രമനമ്പർ (3), (4), (5) എന്നീ പദ്ധതികൾ പ്രകാരം വിവിധതരം സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചതെന്ന് കാണുന്നു. ആയവയിൽത്തന്നെ 264/23-സ്ട്രീറ്റ് ലൈറ്റ് സ്പെയർപാർട്സ്, 249/23- സ്ട്രീറ്റ്മെയിൻ സ്ഥാപിച്ച സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികളും, ഡെപ്പോസിറ്റ് വർക്ക് ആയി KSEB ക്ക് തുക നൽകിയ 30/23 കണ്ണൻകടവ് പരീക്കണ്ടി പറമ്പ് റോഡ് സ്ട്രീറ്റ് മെയിൻ വാർഡ്- 13 , 90/23 സ്ട്രീറ്റ് മെയിൻ വലിക്കൽ (സ്പിൽ ഓവർ) എന്നീ പദ്ധതികളും പൂർത്തിയായിട്ടുമില്ല. ഒരു സാമ്പത്തിക വർഷത്തിൽ സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട് ഇത്രയും പദ്ധതികൾ നടപ്പിലാക്കാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്

## 1-19 സ്ട്രീറ്റ്മെയിൻ സ്ഥാപിച്ച സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്ട് നം/പേര് | 249/22-23<br>സ്ട്രീറ്റ്മെയിൻ സ്ഥാപിച്ച സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 10,00,000/- വികസനഫണ്ട്.(പൊതുവിഭാഗം) |
| ചെലവ് | 2022-23 സാമ്പത്തിക വർഷത്തിൽ ചെലവില്ല<br>997878/- (ബിൽ നം.3/8.5.2023, സ്പിൽഓവർ പ്രോജക്ട് നം. 176/2024) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സ്ട്രീറ്റ്മെയിൻ സ്ഥാപിച്ച സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. CREWS സമർപ്പിച്ച ഇൻവോയ്സ് പരിഗണിച്ച്, ഭരണസമിതിയുടെ 29.11.2022ലെ 1/1(D)/22 നമ്പർ തീരുമാനപ്രകാരം ടെണ്ടർ ഇല്ലാതെ രണ്ട് വർഷം വാറണ്ടിയുള്ള 24W മാന്വൽ ലൈറ്റുകൾ 2810.93/-രൂപ നിരക്കിൽ സ്ഥാപിക്കുന്നതിന് CREWS ന് ഓർഡർ നൽകാൻ തീരുമാനിക്കുകയുണ്ടായി. 06.12.2022 ലെ എസ്.സി2/5353/2022പ്രകാരം 355 എണ്ണം 24W LED Street Light Luminary Manual ലൈറ്റുകൾ വിതരണം ചെയ്യുന്നതിനോടൊപ്പം പഞ്ചായത്ത് നിശ്ചയിക്കുന്ന റോഡുകളിലെ നിശ്ചിത ഇലക്ട്രിക് പോസ്റ്റുകളിൽ ആയവ സ്ഥാപിക്കുന്നതിനുമായി വർക്ക് ഓർഡർ നൽകി. പ്രവൃത്തിക്ക് 16.12.2022ൽ CREWS മായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) വർക്ക് ഓർഡർ നൽകിയ പ്രകാരമുള്ള 355 ലൈറ്റുകളും അനുബന്ധ സാധനങ്ങളും ഇൻവോയ്സ് നമ്പർ KREWS/C45/22-23 തിയ്യതി. 21.2.2023 (ബിൽ തുക- 997878/- രൂപ) പ്രകാരം ലഭ്യമാക്കിട്ടുണ്ട്. കരാർ പ്രകാരം വാറണ്ടി കാലയളവ് വിതരണ തിയ്യതി മുതൽ 24 മാസമാണ്. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് പദ്ധതി നിർവ്വഹണ സമയത്ത് സെക്ഷൻചുമതലയുള്ള ഉദ്യോഗസ്ഥനോട് അന്വേഷിച്ചതിൽ പ്രവൃത്തി നാളിതുവരെയായി പൂർത്തിയാക്കിയിട്ടില്ല എന്നാണ് അറിയിച്ചത്. നിലവിലും ലൈറ്റുകൾ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തിപ്പിക്കാതെ തന്നെ വിതരണ തിയ്യതി മുതലുള്ള വാറണ്ടി നഷ്ടപ്പെടുന്നു.

2) കരാർ പ്രകാരം കരാറുകാരൻ സാധനങ്ങൾ വിതരണം ചെയ്ത് ബില്ല് (ടാക്സ് ഉൾപ്പെടെ) ലഭ്യമാക്കി 15 ദിവസത്തിനകം ബിൽ തുകയുടെ 90% വരുന്ന തുക കരാറുകാരന് നൽകേണ്ടതും, ബാക്കി തുക സാധനസാമഗ്രികൾ സ്ഥാപിച്ച് 15 ദിവസത്തിനുള്ളിൽ മാത്രമാണ് കരാറുകാരന് കൈമാറേണ്ടതുമാണ്. എന്നാൽ സാധനങ്ങൾ വിതരണം ചെയ്ത ഇൻവോയ്സ് പ്രകാരമുള്ള തുകയായ 997878/- രൂപയുടെ 90% ആയ 898090/- രൂപ നൽകുന്നതിന് പകരം സാധനസാമഗ്രികൾ സ്ഥാപിക്കാതെ തന്നെ മേൽ ചേർത്ത വിധം (സ്പിൽഓവർ പ്രോജക്ട് നം. 176/2024 പ്രകാരം) മുഴുവൻ തുകയും കരാറുകാരന് നൽകിയിട്ടുണ്ട്.

3) ഭരണസമിതിയുടെ 14.03.2023 ലെ 1(1)/23 നമ്പർ തീരുമാനപ്രകാരം സ്ട്രീറ്റ്മെയിൻ സ്ഥാപിച്ച സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ എല്ലാ വാർഡുകളിലും തൃപ്തികരമായി പൂർത്തീകരിച്ചതിനാൽ പദ്ധതി നിർവ്വഹിച്ച CREWS ന് തുക അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക മുഴുവനായും CREWS ന് നൽകിയിട്ടുമുണ്ട്. എന്നാൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാതിരുന്നിട്ടും പ്രവൃത്തി പൂർത്തിയായതായി ഭരണസമിതി കണ്ടെത്തിയ സാഹചര്യം വ്യക്തമല്ല.

4) പദ്ധതി നിർവഹണം നടത്തേണ്ടത് ഏതെല്ലാം വാർഡുകളിലെ എവിടെയെല്ലാമാണെന്നത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.9) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-20 പഠനമുറി പ്രവർത്തി പൂർത്തീകരിച്ചില്ല

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർത്തപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

പ്രൊജക്ട് നം- 252/22-23 . എസ്സ്.സി .വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ- 200000

ചെലവ് തുക- 125000

ബിൽനം -439/ 28.1.23. 50000

-438/28.3.23 .75000

മേൽ പ്രോജക്ട് പ്രകാരം വാർഡ് 4 ലെ ഗുണഭോക്താവായ ശ്രീ .അഭിജിത്ത് എന്ന വിദ്യാർത്ഥിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവ് ഓഡിറ്റ് സമയം വരെ പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ പദ്ധതി യുടെ ലക്ഷ്യം കൈവരിക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടില്ല എന്നു കാണുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. നിർമ്മാണം പൂർത്തീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-21 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | 274/22-23<br>ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | 250000/- മെയിന്റനൻസ് ഫണ്ട്. (നോൺറോഡ്) |
| ചെലവ് | 250000/- (ബിൽ നം. 351/15.03.2023 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |

മേൽ പ്രോജക്ട് പ്രകാരം ചേമഞ്ചേരി ഹോമിയോ ഡിസ്പെൻസറികളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 250000/- രൂപ മുകളിൽ ചേർത്ത വിധം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നമ്പർ. എൽ.എഫ്-960/23-24 പ്രകാരം 1,21,161/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 1,28,839/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. ലഭിക്കാനുള്ള മരുന്നുകളുടെ വിലയായ 1,28,839/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-22 വീട് വാസയോഗ്യമാക്കൽ പ്രവർത്തി പൂർത്തീകരിക്കാത്തതുസംബന്ധിച്ച്

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ 22-23 ൽ വി.ഇ.ഒ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടിൽ വന്ന ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം- 75/22-23 – വീട് വാസയോഗ്യമാക്കൽ (SC)

അടങ്കൽ- 450000

ചെലവ് തുക- 325000

ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് സമയം വരെ നിർമ്മാണം പൂർത്തിയാക്കിയില്ല

| ഗുണഭോക്താക്കൾ | കൈപറ്റിയ ഗഡു |
|---|---|
| വിലാസിനി/വാർഡ്.19 | 50000 /16.2.22 |
| മീനാക്ഷി / വാർഡ്. 10 | 50000 /31.3.22 |

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-23 അതിദരിദ്രരുടെ മൈക്രോപ്ളാൻ .തുടർവിശദാംശങ്ങളില്ല

പ്രോജക്ട്നം : 221/ 22-23

അടങ്കൽ : 100000/-

ചെലവ് : 27600/-

ചെക്ക് നം : 414826/31.3.23.തനത് ഫണ്ട്

മേൽസൂചിപ്പിച്ച പ്രോജക്ട് പ്രകാരം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ 22-23 സാമ്പത്തികവർഷത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പഞ്ചായത്ത് അതിദരിദ്രരുടെ വിവരശേഖരണം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഫയലിൽ 31.3.23 ലെ 44284 ഇൻവോയ്സ് പ്രകാരം നോർത്ത് മലബാർ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് സപ്ലൈ ആൻഡ് മാർക്കറ്റിംങ് സോസൈറ്റിയിൽ നിന്ന് പലചരക്ക് സാധനങ്ങൾ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഇവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയോ എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു എന്നതിന്റെയോ വിവരങ്ങൾ ലഭ്യമല്ല. സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ .തി.19.4.22 ലെ. ഖ.6.6 (2) പ്രകാരം അതിദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, ആരോഗ്യപരിരക്ഷ , വികസന ആവശ്യങ്ങൾ തുടങ്ങി എല്ലാവിധ ഘടകങ്ങളും ഉൾക്കോള്ളിച്ചുവേണം മൈക്രോപ്ലാനുകൾ തയ്യാറാക്കേണ്ടത്. മേൽ അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്തി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊന്തോട്ട് കുന്ന് പിലാച്ചേരി റോഡ് (പ്രൊ.നം 268/2023) എന്ന പദ്ധതിയുടെ ആസൂത്രണത്തിൽ അപാകതകളുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിലുള്ള മൺറോഡ് കോൺക്രീറ്റ് റോഡാക്കി മാറ്റുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 110 മീറ്റർ ചെയിനേജിൽ മോർഡ് സ്പെസിഫിക്കേഷനിലെ Earth Work Exacavation (3.5.1) , Compacting (3.15.1) , GSB (4.11.2) , Concrete (75.8.1) എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി 765160 രൂപ അടങ്കലിലാണ് പദ്ധതി തയ്യാറാക്കിയത്. എം ബുക്ക് പ്രകാരം ഒന്നാമത്തെ ഇനമായ Earth Work Exacavation (3.5.1) 81 മീറ്റർ ചെയിനേജിൽ 10 മുതൽ 15 സെന്റിമീറ്റർ വരെ കനത്തിൽ ആകെ 36.521 ഘന മീറ്റർ അളവിൽ നിർവ്വഹിച്ചിട്ടുണ്ട്. രണ്ടാമത്തെ ഇനമായ Compacting (3.15.1) നിർവ്വഹിച്ചിട്ടില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും പ്രതലം നിരപ്പാക്കി ഉറപ്പിക്കുന്നതിനായാണ് എസ്റ്റിമേറ്റിൽ ആദ്യത്തെ രണ്ട് ഇനങ്ങൾ ഉൾപ്പെടുത്തിയത് എന്നത് വ്യക്തമാണ് . രണ്ടാമത്തെ ഇനമായ Compacting Original Ground എന്ന ഇനത്തിൽ 15 സെന്റിമീറ്റർ

കനത്തിൽ മണ്ണ് ഇളക്കി നിരപ്പാക്കി ഉറപ്പിക്കുന്ന പ്രവൃത്തിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാതെ പരമാവധി 15 സെന്റിമീറ്റർ കനത്തിൽ മണ്ണ് കുഴിച്ചെടുത്ത് മാറ്റുന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്. രണ്ട് പ്രവൃത്തികളുടെയും ഉദ്ദേശം സമാനമായിരിക്കെ ഉയർന്ന നിരക്കുള്ള ഇനം നിർവ്വഹിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. പട്ടിക കാണുക.

| 3.5.1 പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ്, നിരക്ക് | കരാറുകാരന് അനുവദിച്ച തുക | 3.15.1 പ്രകാരമുള്ള നിരക്ക് | 3.15.1 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന തുക | വ്യത്യാസം |
|---|---|---|---|---|
| 36.521 Cum @360.75+GST | 36.521 X100x1.18 (GST)= 4309 | 14.15 Cum | 36.521 X 14.15 X1.18(GST)=610 | 3699 |

അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ 81 എം.എം. ചെയിനേജിൽ നിന്നും മണ്ണ് ഖനനം ചെയ്ത് 50 മീ. ഉള്ളിൽ ഫിൽ ചെയ്യുന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മണ്ണ് ഫില്ല് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിവരിച്ച രീതിയിൽ പ്രവൃത്തി ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 17.08.23 | ഇതേ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | സാന്ത്വന പരിചരണം | 200000 |
| | | 600000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 600000 |
| | | 200000 | ലൈഫ് പദ്ധതി ജനറൽ | 200000 |
| | | 300000 | ലൈഫ് പദ്ധതി- പട്ടിക ജാതി | 300000 |

| | | | | |
|---|---|---|---|---|
| | | 100000 | ക്രാഡിൽ അങ്കണവാടി നവീകരണം | 100000 |
| | | 60742 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 60742 |
| | | 250000 | ക്ഷീര പകർഷകർക്ക് പാലിന് ഇൻസന്റീവ് | 250000 |
| | | 1090000 | ലൈഫ് പദ്ധതി എസ്-സി (So) | 1090000 |
| | ആകെ | | | 2800742 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 185660 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 185660 |
| | | 997205 | വഴുതിന പാടം കുടിവെള്ള പദ്ധതി മൂന്നാം ഘട്ടം | 997205 |
| | | 410000 | ലൈഫ് പദ്ധതി- പട്ടിക ജാതി | 410000 |
| | | 125000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 125000 |
| | | 165000 | ക്ഷീര പകർഷകർക്ക് പാലിന് ഇൻസന്റീവ് | 165000 |
| | | 400000 | ലൈഫ് പദ്ധതി എസ്-സി | 400000 |
| | ആകെ | 2282865 | | 2282865 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയ്ൻ വലിക്കൽ | 94/1.10.22 | 440914 | 0 | 440914 |
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയ്ൻ വലിക്കൽ | 400/25.03.23 | 399194 | 0 | 399194 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ലോൺ ഇനത്തിൽ 2788938/- രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ലോൺ | 2022-23 | 3051037 | 1215200 | 4266237 | 756870 | 720429 | 2788938 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8192087 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 413360 |
| ആകെ | 8605447 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8605447 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | എഫ് ഡി നം | തുക |
|---|---|---|---|
| 1 | കെ ഡി സി ബാങ്ക് കൊയിലാണ്ടി | 10011807520354 | 665343 |
| 2 | കെ.ഡി.സി ബാങ്ക്, കൊയിലാണ്ടി | 10011807520355 | 1634988 |
| 3 | ചേമഞ്ചേരി സഹകരണ ബാങ്ക് | 001001021990 | 466159 |
| 4 | ചേമഞ്ചേരി സഹകരണ ബാങ്ക് | 101010384 | 3939935 |
| 5 | ചേമഞ്ചേരി സഹകരണ ബാങ്ക് | 10101012163 | 1899022 |
| ആകെ | | | 8605447 |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 24 | 2003-04 | 11.13.7(14) | നികുതിപിരിവിൽ അലംഭാവം |
| 2013-14 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.2 100/98 | | | സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ |
| 2013-14 പ്രവർത്തനക്ഷമത | 5.2.4.15 119 | | | സർക്കാർ / എയ്ഡഡ് സ്കൂൾ |

| | | | | |
|---|---|---|---|---|
| റിപ്പോർട്ട് | | | | അഡ്മിഷൻ |
| 2013-14 പ്രവർത്തനക്ഷമത റിപ്പോർട്ട് | 5.2.4.18 132,130 | | | വിദ്യാഭ്യാസ മേഖല എസ്.എസ്.എ. |
| 2013-14 അവലോകനം | 6.4. 190 | | | തെരുവു വിളക്ക് സംരക്ഷണം |
| 2015-16 | 4.2.1.49 | 2015-16 | 2-9 | പുറമ്പോക്ക് സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതകൾ |
| | 6(എ)1.2.90 | | 3-2 | ആശ്രയ വീടിന് സ്ഥലം |
| | 6(എ)1.6.90 | | | വീട് ആവശ്യമുള്ളവർ |
| | 6(എ)2.3.91 | | | വീട് റിപ്പയർ |
| | 6(എ)3.1.91 | | | കുടിവെള്ളം ആവശ്യമുള്ളവർ |
| 2017-18 | 2.1 | | | ഇ-ഗവേണൻസ് ഓഡിറ്റ് റിപ്പോർട്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? (ഉണ്ട്/ ഇല്ല). | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1996-97 | 4 | ടി.പി. നസീർ ഹുസൈൻ | എൽ. എഫ്. 12333 Spl.cell/ SC4/ 2000, Dt. 27.5.02, 17.7.02 | 1258 | | | | | | 1258 | | |
| 2 | 1996-97 | 10,12 | കെ. നാരാ യണൻ നമ്പൂതിരി | Do | 9871 | | | | | | 9871 | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,46,14,405 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,10,04,901 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,699 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,28,839 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 3,699 | ഫാസിൽ.കെ, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 128839 | അനി.സി.ടി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഫാസിൽ.കെ | അസി. എഞ്ചിനീയർ | കാര്യാം പുറത്ത്, ഒളവണ്ണ |
| അനി.സി.ടി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, തിരുവങ്ങൂർ, സി.എച്ച്.സി. | മുണ്ടോത്ത്, ഉള്ള്യേരി. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി. പി4/806/2022, തി.06.02.2023 | 1 | 24 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.4/ 806/2022(8) , തി .06.02.2023 | 1 | 3-6 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി.4/ 806/2022(9) , തി .06.02.2023 | 3 | 3-4, 3-6, 3-8 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി4/ 806/2022(12), തി .06.02.2023 | 1 | 3-5 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി4/ 806/2022(13) ,തി .06.02.2023 | 20 | 2-1(3,4,6),2-9, 3-3,3-4,3-7, 3-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി4/ 806/2022(14) ,തി .06.02.2023 | 20 | 2-1(5), 2-1(6),3-9(3), 3-11 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി4/ | 17 | 1-12(2,3),3-7,3-12, |

| | | | |
|---|---|---|---|
| | 806/2022(15),തി.06.02.2023 | | 3-14,3-16 |
| 2019-20 | കെ എസ് എ കെ കെ ഡി / പി4/103/2021 തി.17.09.22 | 13 | 1-1,1-1-1,1-1-2,1-1-3, 1-2,1-3,1-9(1),1-9(3) മുതൽ 1-13 വരെ, 1-17 |
| 2020-21 | കെ.എസ് എ കെ കെ ഡി / പി4/102/22 ,തി.12.05.22 | | 1-1-1,1-1-2,1-1-3,1-3, 1-5,1-6,1-7,1-8,1-9,1-10, 1-13,1-14,1-15,1-17,1-20, 1-21, 1-22, 3-1 |
| 2021-22 | കെ.എസ് എ കെ കെ ഡി / പി4/2259/2022 തി.19.01.23 | 27 | 1-1 മുതൽ1-26 വരെ , 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 10-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chemanchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chemanchery Grama Panchayat for the year 2022-2023

Date: 04/10/2023

Deputy Director(H.G)
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Chemanchery Grama Panchayat for the Year 2022-2023.

**1.Major Observations**

Amounts advanced to KSEB (4,40,914 3,99,194/-) for street main laying deposit work were posted under the head Amount payable to other creditors instead Advance to implementing officers.

**2.Other Observations**

1. Basic ratios and notes on accounts are not included in the annual financial statements. (Kerala Panchayat Raj Accounts Rules 2011, Rule 62(f).
2. The cheques of various dates in Cooperative Bank Pookad (419) account have not been converted to STALE Cheque.
3. Demand entries are not recorded in time.

4. The register required to verify the amount under the head Sale Of Tender Form was not produced for verification.
5. EMS housing loan interest amount is not included in the financial statement (balance sheet) of the panchayat as liability.
6. CFC grant amounts remaining to be spent do not match the bank account balances in which they are deposited.
7. Grant liability amount shown as liability is Balancesheet does not match with Bank account opened for the specified grant account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്